## അദ്ധ്യായം-21

## യോഹന്നാൻ കണ്ട നിത്യതയുടെ ദൃശ്യം (വെളി : 21:1,2)

ഭൂമിയും ആകാശവും സിംഹാസനത്തിന്റെ മുൻപിൽ നിന്ന് ഓടിപ്പോയശേഷം (വെളി: 20:11) തുടർന്നുനടന്ന ന്യായവിധിയുടെ അവസാനം , യോഹന്നാൻ കണ്ടകാര്യങ്ങൾ ആണ് ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയ ആകാശം (a new heaven),പുതിയ ഭൂമി (a new earth) ,പുതിയ യെരുശലേം ( The Holy city) ഇവ കണ്ടതായി പറയുന്ന യോഹന്നാൻ പഴയതിന് എന്തു സംഭവിച്ചു എന്ന് പറയുന്നില്ല. എന്നാൽ പത്രോസ് പറയുന്നത് എന്തെന്നറിയുവാൻ വായിക്കുക -

(2 പത്രോ:3:7)

**എങ്ങനെയാണ് തീയാൽ നശിപ്പിക്കുന്നത്?** (2 പത്രോ:3:10,11)

അതിനാൽ വേഗം നമ്മുടെ മാനസാന്തരത്തിനായി അവൻ ആഗ്രഹിക്കുന്നു. (2 പത്രോ : (3:9) ഈ മാറ്റത്തെ വീണ്ടെടുപ്പുമായി ചേർത്ത് ചിന്തിയ്ക്കാം. കാരണം ദൈവവചനത്തിന്റെ കേന്ദ്രവിഷയം വീണ്ടെടുപ്പാണ്, വീണ്ടെടുക്കുന്നവൻ ക്രിസ്തുവും. നമ്മുടെ ശരീരം ദ്രവത്വത്തിൽ നിന്ന് അദ്രവത്വത്തിലേക്ക് മാറുന്നു . (1 കൊരി: 15:52,53). അതുപോലെ പഴയഭൂമിയ്ക്കും രൂപാന്തരം വരും യെശ:(66:22)ൽ ഞാൻ ഉണ്ടാക്കിയ പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനിൽക്കുന്നതു പോലെ --------- എന്നാൽ ഇവ നിത്യതയിൽ ഇളക്കമില്ലാതെ കഴിയുന്നു. എന്ന് മനസിലാക്കാം. ഇതിന്റെ കാരണം സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന വ്യാപാരശക്തി ക്രിസ്തുവിനുണ്ട്. അതിനാൽ നന്ദിയുള്ളവരായി നാം ഭയഭക്തിയോടെ അവനെ ആരാധിക്കണം

Read എബ്രാ : (12:28–29)

ഭൂമിക്കു മുകളിൽ പല അടുക്കുകളായി ആകാശത്തട്ടുകൾ സ്ഥിതി ചെയ്യുന്നതായി ഇന്ന് കണ്ടെത്തിയിട്ടുണ്ട്.അവയെല്ലാം ചേർന്ന ഒന്നാമത്തെ ആകാശം മാറി , പുതിയ ആകാശം പുതിയ ഭൂമിയ്ക്ക് കാവലിനായി വന്നു. പുതിയ വ്യവസ്ഥയനുസരിച്ച് പുതിയ തട്ടുകൾ ഉൾകൊണ്ടാകാം എന്ന് ചിന്തിക്കുന്നതിൽ കുഴപ്പമില്ല.പുതിയ ആകാശവും പുതിയ ഭൂമിയും വീണ്ടെടുക്കപ്പെട്ടവയായി വെളിപ്പെടും, മറ്റൊരു പ്രത്യേകത സമുദ്രം ഇനി ഇല്ല. ഒന്നാമത്തേതിന് മാറ്റം സംഭവിച്ചപ്പോൾ അതിനും മാറ്റം വന്നു. സൃഷ്ടിയുടെ ആദ്യം മഞ്ഞ് പൊങ്ങി ഭൂമി നനഞ്ഞതുപോലെ (ഉല്പ :2:6) അന്നും സംഭവിക്കും.

തുടർന്ന് കണ്ട മൂന്നാമത്തെ കാഴ്ചയാണ് (വെളി:21:2)സ്വർഗ്ഗത്തിൽ നിന്ന് (ദൈവ സന്നിധി) ഇറങ്ങി വന്ന പട്ടണം - പുതിയ യെരുശലേം. യെരുശലേം എന്നാൽ സമാധാന പട്ടണം.

ശാലോം - (സമാധാനം) എന്ന പദം സ്വർഗ്ഗീയ യെരുശലേമിന്റെ നിഴലാണ്. പഴയ യെരുശലേം ഭൂമിയിൽ പണിതു. പുതിയ യെരുശലേം കർത്താവ് ഒരുക്കി. - Read (യോഹ: 14:3)

**യോഹന്നാൻ കേട്ടതും , എഴുതുക എന്ന നിർദ്ദേശം ലഭിച്ചതുമായ കാര്യങ്ങൾ** (വെളി: 21:3-7)

(1) മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം (പുത്തനാം യെരുശലേമിനെ ദൈവത്തിന്റെ കൂടാരം എന്നു പറയുന്നു.)

(2) അവൻ അവരോടു കൂടെ വസിക്കും.

(3) അവർ അവന്റെ ജനമായിരിക്കുന്നു.

(4) അവൻ അവരുടെ കണ്ണുനീർ തുടയ്ക്കുന്നു.

(5) ഇനി മരണം , ദു:ഖം , മുറവിളി, കഷ്ടത ഒന്നും ഉണ്ടാകുകയില്ല. ഇവ കഴിഞ്ഞു പോയിരിക്കുന്നു.

(6) അവൻ സകലവും പുതുതാക്കുന്നു.

(7) ദാഹിക്കുന്നവന് ജീവനീരുറവയിൽ നിന്ന് സൗജന്യമായി കൊടുക്കും.

(8) അവൻ നമ്മുടെ ദൈവവും , നാം അവന് മക്കളും ആയിരിക്കും.

ഇതെല്ലാം ജയിക്കുന്നവന് (those who overcome the difficulties) അല്ഫയും , ഒമേഗയും , ആദിയും അന്തവുമായവൻ നൽകുന്നു. ഈ വചനങ്ങൾ വിശ്വാസയോഗ്യവും , സത്യവുമാകയാൽ യോഹന്നാനോട് എഴുതുവാൻ ആവശ്യപ്പെടുന്നു.

രണ്ടാം മരണം ആർക്കുള്ളത് ? വെളി: (21:8)

കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം എന്ന് യോഹന്നാനോട് പറഞ്ഞതാര് ? അതിനായി എവിടേക്ക് കൊണ്ടുപോയി ? എന്താണ് കണ്ടത്?

Read വെളി: (21:9-10)

[സ്വർഗ്ഗീയ ദൃശ്യം ജഡശരീരത്തിലിരുന്ന് കണ്ടാൽ പ്രയാസം ഉണ്ടാകും .

ഉദാ: ദാനിയേൽ (10:8,9,15-19)

ആത്മനിറവിലാകുന്ന ഒരു വ്യക്തിക്കു മാത്രമേ അത് താങ്ങുവാൻ കഴിയുകയുള്ളൂ. ഉയർന്ന മലമേൽ യോഹന്നാനെ കൊണ്ടുപോകുവാൻ കാരണം എത്രത്തോളം ഉയരത്തിൽ ചെല്ലുന്നോ അത്രത്തോളം ചക്രവാളം വലുതായി കാണാം എന്നതിനാലാണ്. എത്രത്തോളം നാം ആത്മാവിലാകുന്നോ അത്രത്തോളം കാര്യങ്ങളെ ഗ്രഹിപ്പാൻ നമുക്ക് കഴിയും. (കർത്താവേ ! ആത്മീയ ഔന്നിത്യം പ്രാപിപ്പാൻ സഹായിക്കണേ എന്ന് നമുക്ക് പ്രാർത്ഥിക്കാം)]

യെരുശലേം എന്ന വെറും പട്ടണമല്ല നിവാസികളെ ഉൾക്കൊണ്ട മണവാട്ടിസഭയെ മുഴുവനായും അതിലെ അംഗങ്ങളെയും കണ്ട് യോഹന്നാൻ തൃപ്തനായി. ദൈവം സിംഹാസനസ്ഥനാകയാൽ ദൈവതേജസ്സുള്ള തിളങ്ങുന്ന പട്ടണമായിട്ടാണ് അദ്ദേഹം കണ്ടത് . (വെളി: 21:11). പുതിയ യെരുശലേമിന്റെ ശോഭ അവർണ്ണനീയമാണ്. ഒരു ചിത്രകാരന് തന്റെ ചായക്കൂട്ടുകളാലോ, ഒരു എഴുത്തുകാരന് തന്റെ തൂലികയാലോ ഈ മഹനീയ നഗരത്തെ വർണ്ണിപ്പാൻ സാധ്യമല്ല.

പുതിയയെരുശലേമിന്റെ മഹത്വവും വിശദീകരണവും

(1) വിശുദ്ധനഗരത്തിന് പൊക്കമുള്ള വന്മതിലുണ്ട് (a high wall) ഉയരം -144 മുഴം . അളക്കുന്നത് - ദൂതൻ - Read വെളി:(21:12,15,17)

(2) വന്മതിലിന് പന്ത്രണ്ട് ഗോപുരങ്ങൾ (twelve gates)ഈ പ്രവേശന വാതിലുകൾ അടയ്ക്കുന്നില്ല. വെളി:(21:12,25)

(3) ഓരോ ഗോപുരങ്ങളിലും കാവൽ - വെളി:(21:12), വെളി:(21:24,26)വാക്യങ്ങളനുസരിച്ചുള്ള ക്രമപരിപാലനത്തിനാകാം ഈ പന്ത്രണ്ട് ദൂതൻമാർ.

(4)ഓരോ ദിക്കിലും 3 ഗോപുരങ്ങൾ വീതം പന്ത്രണ്ട് ഗോത്രങ്ങളുടെയും പേർ കൊത്തിയിട്ടുണ്ട്. വെളി: (21:12,13)

ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളത് വെളി: (21:21)

[<u>മുത്തിന്റെ ഉപമവചനത്തിൽ-</u> മത്താ (13:45,46) നമ്മുടെ നല്ല പിതാവാണ് ആ വ്യാപാരി അവൻ വിലയേറിയ മുത്തായ സഭയെ കണ്ടെത്തി, അതിനുവേണ്ടി തന്റെ രക്തം മറുവിലയായി പിതാവിന്റെ സന്നിധിയായ ദൈവീക കോടതി മുമ്പാകെ കെട്ടിവച്ചിട്ട് അവളെ വിലയ്ക്കുവാങ്ങി തന്റെ മണവാട്ടിയെ പാർപ്പിക്കുവാനുള്ള ഗോപുരങ്ങൾ ഓരോന്നും മുത്തുകൊണ്ട് നിർമ്മിച്ചിരിക്കുന്നു.]

നഗരം ,മതിൽ, ഗോപുരം- അളക്കുവാൻ ഏൽപ്പിച്ചു (വെളി 21:15) എങ്കിലും ഗോപുരത്തിന്റെ അളവ് കാണുന്നില്ല തിരുവചത്തിൽ പറഞ്ഞിട്ടുള്ളവപോലെ തന്നെ വിട്ടിട്ടുള്ളവയും അർത്ഥമുള്ളതാണ്

ഉദാ: - സമാഗമന കുടാരത്തിലെ കൃപാസനത്തിന്റെ അളവ് നീളം, വീതി പറയുന്നു (പുറപ്പാട് 25:17) ഉയരം പറഞ്ഞിട്ടില്ല കാരണം പാപിയോടുള്ള ദൈവകൃപയുടെ അളവ് നിർണ്ണയിക്കുക സാധ്യമല്ല .

5, നഗരമതിലിന് എത്ര അടിസ്ഥാനം ? പന്ത്രണ്ട് പേരുകൾ ആരുടെയെല്ലാം? വെളി: (21:14)

(സഭപണിതത് - എഫേ :(2:20,21)

6) നഗരത്തിന്റെ ആകൃതി, അളവ് ഇവയുടെ പ്രത്യേകതകൾ ? വെളി :(21:16)

(l=b=h അതായത് തുല്യ അളവുകളായ നീളം, വീതി ഉയരം ഇവ ത്രിത്വത്തെ കാണിക്കുന്നു)

7) നഗരമതിലിന്റെ അടിസ്ഥാനങ്ങളുടെ അലങ്കാരം - വെളി : (21:19,20)

8)**നഗരത്തിന്റെ വീഥി- വെളി:(21:21)**

സ്വച്ഛസ്ഫടിക തുല്യമായ തങ്കം - യാതൊരു പാടും അഴുക്കും, കളങ്കവും ഒന്നും ഇല്ലാത്ത ശുദ്ധമായ കണ്ണാടി പോലെയുള്ള അകവും പുറവും, അകത്ത് ഒരു കോണിൽ നിന്ന് മറ്റേകോൺ വരെ വ്യക്തമായി കാണാവുന്ന ശുദ്ധമായ തങ്കം ഇതാണ് സ്വച്ഛസ്ഫടിക തുല്യമായ തങ്കത്തിന്റെ പ്രത്യേകത.ഈ ശുദ്ധതങ്കം കൊണ്ടുള്ള വീഥിയിൽ നടപ്പാൻ, ഇപ്പോഴുള്ള സകലതിനെയും ചപ്പും, ചവറുമെന്ന് എണ്ണി ഒരുങ്ങുക.

9, മന്ദിരം അവിടെ കാണാത്തത് എന്തുകൊണ്ട് ? - (വെളി:(21:22)

(Read യെശ:(43:13) മത്താ (19:26)

മന്ദിരം (ദൈവാലയം) യെരുശലേം നഗരത്തിൽ പണിയേണ്ട ആവശ്യം ഇല്ല ഇവിടെ അശുദ്ധിഇല്ല ഇവിടെ മന്ദിരം - കർത്താവും കുഞ്ഞാടും എന്ന ഒരേ ആളത്തമാണ്. വിശുദ്ധ സഭയോടൊപ്പം സിംഹാസനസ്ഥനുമുണ്ട് .

10, നഗരത്തിന്റെ പ്രകാശം - വെളി 21:23

11, മഹത്വം കൊണ്ടു വരുന്നതാരെല്ലാം? വെളി (21:24,26) ഇന്ന് വിശ്വാസിയും അവിശ്വാസിയും മഹത്വവും മാനവും സ്വയം ഏറ്റെടുക്കുന്നു. അന്ന് സകലവും കർത്താവിനു മാത്രം Read വെളി :(5:12)

12. വിശുദ്ധ നഗരത്തിൽ കടക്കുന്നതാരെല്ലാം ? - വെളി :(21:27)

പുതിയ നിയമസഭ മണവാട്ടിയായി സന്തോഷത്തോടെ വസിക്കും എന്നാൽ പഴയനിയമഭക്തന്മാർ മണവാളന്റെ തോഴന്മാരും പിതൃഭവനക്കാരുമായി അവിടെ വസിക്കും (യോഹ:(3:29) വെളി (14:1-5) ൽ കാണുന്ന നൂറ്റിനാല്പത്തിനാലായിരം പേർ കുഞ്ഞാടിനോടൊത്ത് നടന്ന് ആരാധിക്കുന്ന ദാസന്മാരാകയാൽ അവരും അവിടെ കാണും എണ്ണമറ്റ രക്ഷിക്കപ്പെട്ട ജാതികൾ രക്തസാക്ഷികളും അവിടെ കാണും. കയീൻമുതലുള്ള ദുഷ്ടന്മാർ സാത്താന്യ ത്രിമൂർത്തികളോടൊപ്പം തീപ്പൊയ്കയിലാകും. സഹോദരങ്ങളെ! മണവാട്ടിയായി വസിപ്പാൻ തയാറാക്കുക ദൈവം അനുഗ്രഹിക്കട്ടെ.